# വചന വിചിന്തനം

## മൂശാക്കാലം രണ്ടാം ഞായർ

### ലൂക്കാ 8,41-56

**"വിശ്വാസം രക്ഷയ്ക്കുള്ള മാനദണ്ഡമാകുന്നത് വിശ്വാസം ജീവിക്കുമ്പോഴാണ്!"**

ഇന്ത്യയിലെ ഒരു ഗ്രാമത്തിൽ ഒരു കുഞ്ഞു കുറുക്കൻ അച്ഛൻ കുറുക്കനോട് പറഞ്ഞു എനിക്ക് മനുഷ്യന്റെ മാംസം തിന്നണമെന്ന്.

അടുത്ത ദിവസം അച്ഛൻ കുറുക്കൻ പന്നിയുടെ മാംസം കൊണ്ടുവന്നു, പക്ഷേ കുഞ്ഞു കുറുക്കൻ അത് കഴിക്കാൻ വിസമ്മതിച്ചു.

പിന്നീട് അച്ഛൻ കുറുക്കൻ കൊണ്ടുവന്നത് പശുവിന്റെ മാസം ആയിരുന്നു. പക്ഷേ അതും തിന്നാൻ കുഞ്ഞി കുറുക്കൻ വിസമ്മതിച്ചു. മനുഷ്യന്റെ മാംസം തന്നെ വേണമെന്നവൻ വാശിപിടിച്ചു.

അന്ന് രാത്രി അച്ഛൻ കുറുക്കൻ പന്നിയുടെ മാംസം മസ്ജിദിന്റെ മുന്നിലും പശുവിന്റെ മാംസം ക്ഷേത്രത്തിന്റെ മുമ്പിലും കൊണ്ടുവന്നിട്ടു.

നേരം വെളുത്തപ്പോഴേക്കും വഴിനീളെ മനുഷ്യ ശരീരങ്ങൾ കൊണ്ട് നിറഞ്ഞു, ഒരാഴ്ച കുറുക്കൻ മനുഷ്യ മാംസം കുശാലായി കഴിച്ചിട്ട് അച്ഛൻ കുറുക്കനോട് ചോദിച്ചു,

"അച്ഛാ, അച്ഛൻ ഇത്രയും പെട്ടന്ന് ഇത്രമാത്രം ഇറച്ചി എങ്ങനെ ഒപ്പിച്ചു?"

അച്ഛൻ കുറുക്കൻ,

"മോനെ ഇത് ഭാരതമാണ് ഇവിടെ 90% ഭ്രാന്തന്മാർ വസിക്കുന്നു എന്നൊരു ജഡ്ജ് പറഞ്ഞത് ഓർമ്മയില്ലേ?"

> ആരും അറിയാത്ത നൊമ്പരങ്ങൾ കാണാൻ കർത്താവിന് കഴിഞ്ഞിരുന്നു! അതുകൊണ്ട് മാത്രമാണ്, സ്പർശിച്ച ക്ഷണത്തിൽതന്നെ രക്തസ്രാവക്കാരി സുഖം പ്രാപിക്കുന്നത്!

ഒരുകൂട്ടർ അന്ധമായ വിശ്വാസത്തിന്റെ പേരിൽ മനുഷ്യജീവന് പശുവിന്റെ വില പോലും നൽകാതെ തകർത്ത് തരിപ്പണമാക്കുമ്പോൾ വിശ്വാസത്തിന്റെ പേരിൽ രക്ഷ അനുഭവിച്ചറിയുന്ന മറുക്കൂട്ടർ. ഇതിൽ, ഏത് കൂട്ടത്തിലാണ് നാം ആയിരിക്കുന്നത് എന്ന് ചിന്തിക്കാനുള്ള ഏറ്റവും നല്ല വചനഭാഗമാണ് രക്തസ്രാവക്കാരിയെ സുഖപ്പെടുത്തുന്നതും ജായ്റോസിന്റെ മകളെ പുനർജീവിപ്പിക്കുന്നതും. രണ്ട് കൂട്ടർക്കും രക്ഷ സ്വന്തമാക്കൻ സാധിക്കുന്നത് വിശ്വാസം മൂലമാണ്. അതേസമയം തന്നെ രണ്ടുകൂട്ടരുടെയും കൂടെയുള്ളതോ കപടവിശ്വാസികളും.

പന്ത്രണ്ടു വർഷമായി രക്തസ്രാവമുണ്ടായിരുന്നവളും ആർക്കും സുഖപ്പെടുത്താൻ കഴിയാതിരുന്നവളുമായ ഒരു സ്ത്രീ പിന്നിലൂടെവന്ന് അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിച്ചു. കാരണം, ക്രിസ്തുവിന്റെ വസ്ത്രത്തിന്റെ വിളുമ്പിലെങ്കിലും സ്പർശിച്ചാൽ സൗഖ്യം സ്വന്തമാക്കാമെന്ന് അവൾ കരുതിയിരുന്നു. അവൾ ക്രിസ്തുവിന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിച്ച ക്ഷണംതന്നെ അവളുടെ രക്തസ്രാവം നിലച്ചു.

യേശു ചോദിച്ചു: "ആരാണ് എന്നെ സ്പർശിച്ചത്?"

ആരും മിണ്ടിയില്ല.

അപ്പോൾ പത്രോസ് പറഞ്ഞു: "ഗുരോ, ജനക്കൂട്ടം ചുറ്റുംകൂടി നിന്നെ

പൊതിഞ്ഞിരിക്കുകയാണല്ലോ."

യേശു പറഞ്ഞു: "ആരോ എന്നെ സ്പർശിച്ചു. എന്നിൽനിന്നു ശക്തി നിർഗമിച്ചിരിക്കുന്നു എന്നു ഞാൻ അറിയുന്നു."

അവൾ വിറയലോടെ വന്ന് അവന്റെ കാൽക്കൽവീണ്, താൻ അവനെ എന്തിനു സ്പർശിച്ചു എന്നും എങ്ങനെ പെട്ടെന്നു സുഖമാക്കപ്പെട്ടുവെന്നും എല്ലാ ജനങ്ങളുടെയും മുമ്പാകെ പ്രസ്താവിച്ചു.

അവൻ അവളോടു പറഞ്ഞു: "മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോവുക."

യേശുവിന് ചുറ്റും ഒരുപാട് പേരുണ്ടായിരുന്നു. അവനെ ജനക്കൂട്ടം പൊതിഞ്ഞാണ് നിന്നിരുന്നതെന്ന് പത്രോസിന്റെ വാക്കുകളിൽ നിന്ന് സ്പഷ്ടമാണ്. ഒരുപാട് പേർ അവനെ സ്പർശിച്ചിട്ടും സൗഖ്യം സ്വന്തമാക്കിയത് രക്തസ്രാവക്കാരി സ്ത്രീ മാത്രമാണ്. അതിന് നിദാനമായ് ഭവിച്ചത് അവളുടെ വിശ്വാസവും. ക്രിസ്തുവിനെ പൊതിഞ്ഞ് നിന്നവർക്ക് രണ്ട് ലക്ഷ്യങ്ങളാണ് ഉണ്ടായിരുന്നത്,

1. തങ്ങൾ ക്രിസ്തുവിനോട് കൂടെയുണ്ട് എന്ന് ലോകത്തെ കാണിക്കണം.

2. ക്രിസ്തു തങ്ങളുടെ കൂടെയുണ്ട് എന്നും ലോകത്തെ കാണിക്കണം.

*ദൈവത്തിന് പോലും പരിഹാരം കൽപ്പിക്കാൻ സാധിക്കില്ല എന്നു കരുതുന്നവരോട് കർത്താവിന് പറയാനുള്ളത് "വിശ്വസിക്കുക മാത്രം ചെയ്യുക!"*

ചുരുക്കത്തിൽ, ക്രിസ്തുവിൽ നിന്ന് സൗഖ്യം സ്വന്തമാക്കുക, രക്ഷ അനുഭവിച്ചറിയുക എന്നുള്ളത് അവനെ പൊതിഞ്ഞ് നിന്ന ജനക്കൂട്ടത്തിന്റെ ലക്ഷ്യമല്ലായിരുന്നു. എന്നാൽ, ആ ലക്ഷ്യത്തോട് കൂടി വിശ്വാസത്തോടെ ക്രിസ്തുവിനെ സമീപിച്ചതും, സ്പർശിച്ചതും രക്തസ്രാവക്കാരി സ്ത്രീ മാത്രമായിരുന്നു. അതുകൊണ്ട് മാത്രമാണ് അവനെ പൊതിഞ്ഞ് നിന്ന ജനക്കൂട്ടം സ്പർശനസുഖം അനുഭവിച്ചപ്പോൾ രക്ഷയുടെ സുഖം അനുഭവിക്കാൻ രക്തസ്രാവക്കാരി സ്ത്രീക്ക് ഭാഗ്യം ലഭിച്ചതും.

"പന്ത്രണ്ടു വർഷമായി രക്തസ്രാവമുണ്ടായിരുന്നവളും ആർക്കും സുഖപ്പെടുത്താൻ കഴിയാതിരുന്നവളുമായ ഒരു സ്ത്രീ പിന്നിലൂടെവന്ന് അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിച്ചു. തത്ക്ഷണം അവളുടെ രക്തസ്രാവം നിലച്ചു" (ലൂക്കാ 8,43-44). തന്റെ സമ്പത്ത് മുഴുവൻ നീണ്ട പന്ത്രണ്ട് വർഷമായി ചികിത്സയ്ക്കായ് ചെലവഴിച്ചിട്ടും രോഗം മാറാത്ത രക്തസ്രാവക്കാരി ഒരുപാട് രോഗികളുടെ പ്രതിനിധിയാണ്. അവളുടെ വിശ്വാസത്തിന്റെ സ്ഥൈര്യം ഏതൊരു രോഗികളെയും അത്ഭുതപ്പെടുത്തേണ്ട ഒന്നാണ്. സാമ്പത്തികമായും സംസ്കാരികമായും എന്തിനേറെ മാനസീകമായും തകർന്ന് പോയ നീണ്ട പന്ത്രണ്ട് വർഷങ്ങൾ! എന്നിട്ടും, അജയമായ ആത്മശക്തിപ്പോലെ അവളെ നയിച്ചത് അവളുടെ വിശ്വാസം മാത്രമാണ്.

ബാഗ്ലൂരിലുള്ള "നിംഹാൻസ്" ആശുപത്രിയെ രാജ്യത്തിന്റെ മുഖ്യശ്രേണിയിലേയ്ക്കുയർത്തുന്നതിൽ വലിയ പങ്കുവഹിച്ച ഡോ. ദേവമൂർത്തി ഈയിടെ നൽകിയ അഭിമുഖത്തിൽ പറഞ്ഞത് ഇപ്രകാരമാണ്;

"ഏത് കഠിനരോഗത്തിനും മരുന്നിനോളമോ, ഒരുപക്ഷെ, അതിനേക്കാൾ പ്രധാനപ്പെട്ടത് മനസ്സിന് ലഭിക്കുന്ന ആശ്വാസവും കരുത്തുമാണ്. രോഗത്തെ അതിജീവിക്കാനുള്ള വിശ്വാസം നഷ്ടപ്പെട്ടു കഴിയുമ്പോൾ പതിനാറുക്കാരനെ തൊണ്ണൂറുക്കാരനാക്കും!"

എങ്കിൽ, രക്തസ്രാവക്കാരി സ്ത്രീയുടെ സൗഖ്യത്തിന്റെ കാരണം തേടി എവിടെയും യാത്ര ചെയ്യേണ്ട. കാരണം, അവളുടെ അജയമായ വിശ്വാസത്തിന്റെ ആത്മബലം കൊണ്ട് മാത്രമാണ് സൗഖ്യത്തിന്റെ സുഖം അവൾ അനുഭവിച്ചറിഞ്ഞത്.

ഒപ്പം, രക്തസ്രാവക്കാരി സ്ത്രീയുടെ ജീവിതത്തിൽ സംഭവിച്ച വലിയ തെറ്റ് യഥാർത്ഥ വൈദ്യനെ കണ്ടെത്താൻ അവൾ വൈകി എന്നുള്ളതാണ്. തനിക്ക് സൗഖ്യം സമ്മാനിക്കാൻ കഴിവുള്ള യഥാർത്ഥ ഭിഷഗ്വരനെ ആദ്യമെ തന്നെ കണ്ടെത്തിയിരുന്നു നെങ്കിൽ തന്റെ കൈയിലെ സമ്പാദ്യം നശിച്ച് പോകുമായിരുന്നില്ല. അനുദിന ജീവിതത്തിൽ നമ്മുക്ക് സംഭവിക്കുന്നതും ഇത് തന്നെയാണ്. യഥാർത്ഥത്തിൽ സൗഖ്യം സമ്മാനിക്കാൻ കഴിവുള്ള മഹാവൈദ്യനെ കണ്ടെത്താനും തിരിച്ചറിയാനും അവന്റെ പക്കൽ അടയിരിക്കാനും നാം മറന്ന് പോകുന്നു. അതുമൂലം, പന്ത്രണ്ടല്ല ഒരുപാട് പന്ത്രണ്ട് വർഷങ്ങൾ കാത്തിരിക്കേണ്ടി വരുന്നു സൗഖ്യം സ്വന്തമാക്കാൻ.

രക്തസ്രാവക്കാരി യേശുവിനെ സ്പർശിച്ചപ്പോൾ അവൾ സൗഖ്യം സ്വന്തമാക്കുന്നു. ജായ്റോസിന്റെ മകളെ യേശു സ്പർശിച്ചപ്പോൾ അവളും സൗഖ്യം സ്വന്തമാക്കുന്നു. രണ്ട് സ്പർശനത്തിന്റെയും അടിസ്ഥാന ഘടകം വിശ്വാസത്തോട് കൂടെയുള്ള സ്പർശനമാണ്. എങ്കിൽ, കർത്താവ് എന്നെ സ്പർശിക്കാൻ മറന്ന് പോയാലും, വിശ്വാസത്തോട് കൂടി ഞാൻ കർത്താവിനെ സ്പർശിക്കുന്നുണ്ടെങ്കിൽ എനിക്ക് സൗഖ്യം - രക്ഷ സ്വന്തമാക്കാം!

വലിയവരുടെ
വലിയകാര്യങ്ങൾ സാധിച്ചു
കൊടുക്കുന്നതിനോടൊപ്പം
ചെറിയവരുടെ
അമർത്തിപിടിട്ട തേങ്ങലുകൾ
കേൾക്കാനും
അവൻ സമയം കണ്ടെത്തി!

***"ഞാൻ ശാന്തമായി കിടന്നുറങ്ങുന്നു,***
***ഉണർന്നെഴുന്നേൽക്കുന്നു;***
***എന്തെന്നാൽ, ഞാൻ കർത്താവിന്റെ കരങ്ങളിലാണ്."***

സങ്കീ 3,5

ഫാ. ജോബി മേനോത്ത് : +91 944 7777 931